## 448

### 'Jesus keep me near the Cross'

1 യേശുവേ, നിന്നന്തികേ ചേർക്കയെന്നെയെന്നും
വിശ്രമമെൻ ദേഹിക്കു നൽകുവാൻ നീ മാത്രം

ക്രൂശിങ്കൽ ക്രൂശിങ്കൽ എൻപ്രശംസയെന്നും
ലോകവാസം നീങ്ങി ഞാൻ വിശ്രമിക്കുവോളം

2 പാപഭാരം പേറി ഞാൻ ക്ഷീണനായ് നടന്നു
നിന്റെ ക്രൂശിൻ ശക്തിയാൽ സ്വസ്ഥനായ് നിരന്നു-

3 ഭാരമാകെ നീക്കിടും ഭൂരിസൗഖ്യമേകും
ചാരുവാം നിൻ സന്നിധൗ ചേരുവോർക്കു ഭാഗ്യം-

4 നിന്നെ വിട്ടുപോകുവാനിന്നിവന്ന സാദ്ധ്യം
ധന്യരാണു കേവലം നിൻജനങ്ങളെന്നും-

5 എന്നിലില്ലയൊന്നിനും ശക്തിലേശമോർക്കിൽ
നിന്നിലാശ്രയിക്കയാൽ മോദമെന്നും മോദം- **C.T.M.**